## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3752 — 17.10.2011 ൽ മറുപടിക്ക്

### സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;<br><br>(ബി) ബസ്സിൽ കയറ്റേണ്ട കുട്ടികളുടെ എണ്ണം, ബസ്സിന്റെ വേഗത, വാഹനത്തിന്റെ പഴക്കം, ഡ്രൈവറുടെ യോഗ്യത, സ്പീഡ് ഗവേണർ ഘടിപ്പിക്കൽ, എന്നീ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ & ബി) | 1) 1989 ലെ കേരള മോട്ടോർ വാഹനച്ചട്ടം 290(2) പ്രകാരം എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളുടെ നിറം ക്രീം മഞ്ഞ ആയിരിക്കേണ്ടതാണ്.<br>2) 1989 ലെ കേരള മോട്ടോർ വാഹനച്ചട്ടം 291 പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് വാഹനത്തിന്റെ മുൻവശത്തും, പുറകുവശത്തും മുകളിലായും വാഹനത്തിന്റെ ഇടതുവശത്തും വ്യക്തമായി വായിക്കുവാൻ കഴിയുന്ന രീതിയിൽ തിരശ്ചീനമായി എഴുതിയിരിക്കണം. മേൽ പറഞ്ഞതു കൂടാതെ 23.12.2003 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം സ്കൂൾ ബസ്സിന് പെർമിറ്റ് നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.<br>(i) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകയ്ക്കെടുത്തതോ ആയ വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് വാഹനം ഓടിച്ചുള്ള 10 വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.<br>(ii) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് ഓടിക്കുന്ന വ്യക്തി അപകടകരമായ രീതിയിലും അശ്രദ്ധമായും വാഹനം ഓടിച്ചതിന്റെ പേരിലോ മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിലോ ശിക്ഷിക്കപ്പെട്ട വ്യക്തി ആകരുത്.<br>(iii) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിൽ മണിക്കൂറിൽ 40 കിലോമീറ്റർ സ്പീഡ് എന്ന കണക്കിന് സെറ്റ് ചെയ്ത സ്പീഡ് ഗവർണ്ണർ ഉണ്ടായിരിക്കണം.<br>(iv) കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും |

ഇറക്കുന്നതിനും വാഹനത്തിന്റെ ഓരോ കവാടത്തിലും പ്രഗത്ഭനായ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.

(v) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിൽ കയറുന്ന വിദ്യാർത്ഥികളുടെ എണ്ണം 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 221 ന് അനുസൃതമായിരിക്കണം.

(vi) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഓരോ കവാടത്തിനും വാതിൽപ്പാളികൾ ഉണ്ടായിരിക്കണം.

ഇതു കൂടാതെ 9.6.2010 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി ഉണ്ടായിരിക്കണം.

(i) ഡ്രൈവർക്ക് 5 വർഷത്തിൽ കുറയാതെ ഹെവി വാഹനം ഓടിച്ചുള്ള പരിചയം ഉണ്ടായിരിക്കണം

(ii) മദ്യപിച്ച് വാഹനം ഓടിക്കുക, അമിതവേഗതയിലും അപകടകരമായ രീതിയിലും വാഹനം ഓടിക്കുക തുടങ്ങിയ കുറ്റ കൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരെ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഡ്രൈവറായി നിയമിക്കരുത്.

(iii) സ്കൂൾ ബാഗുകളും മറ്റു സാധനങ്ങളും സൂക്ഷിക്കുന്നതിന് സ്കൂൾ ബസ്സുകളിൽ പ്രത്യേകം സ്ഥലം സജ്ജീകരിച്ചിരിക്കണം.

(iv) വാഹനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും സ്കൂൾ കുട്ടികളെ സഹായിക്കുന്നതു കൂടാതെ ബസ് അറ്റൻഡർ വിദ്യാർത്ഥികളെ സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനും സഹായിക്കേണ്ടതാണ്.

(v) സ്കൂൾ അധികാരികൾ / പി.റ്റി.എ.ഭാരവാഹികൾ സ്കൂൾ ബസ്സ് ജീവനക്കാരുടെ പെരുമാറ്റവും അവർ നൽകുന്ന സേവനങ്ങളും മിന്നൽ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

| | |
|---|---|
| ((സി) പോലീസ് വകുപ്പും കേരള റോഡ് സേഫ്റ്റി കൗൺസിലും സുപ്രീം കോടതിയും സ്കൂൾ വാഹനങ്ങളുടെ കാര്യത്തിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സി) 20.11.1997 ലെ ഡബ്ല്യൂ.പി.(സി) നം.13029/1995 എന്ന കേസിലെ വിധിന്യായത്തിൽ ബഹു. സുപ്രീം കോടതി എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലെല്ലാം സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതു കൂടാതെ ഡ്രൈവിംഗിൽ 10 വർഷത്തിൽ കുറവ് അനുഭവ പരിജ്ഞാനമുള്ളവരെയും രണ്ട് പ്രാവശ്യത്തിൽ കൂടുതൽ മൈനർ ട്രാഫിക് ഒഫൻസിന്റെ പേരിൽ |

ശിക്ഷിക്കപ്പെട്ടവരെയും അശ്രദ്ധമായ ഡ്രൈവിംഗിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവരെയും ഒരു കാരണവശാലും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഡ്രൈവറായി നിയമിക്കരുത് എന്ന് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വാഹനങ്ങളുടെ ഡ്രൈവർമാർ യൂണിഫോം ധരിച്ചിരിക്കണമെന്നും ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങളിൽ ആയത് വെളിവാക്കുന്ന അനുയോജ്യമായ ബോർഡുകൾ വാഹനത്തിൽ സ്ഥാപിച്ചിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു കൂടാതെ വിവിധ വകുപ്പിലെ അംഗങ്ങളെ ഉൾപ്പെടുത്തി സ്പെഷ്യൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് തലവനായുള്ള ഫ്ലയിംഗ് സ്ക്വാഡുകൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ രൂപീകരിക്കണമെന്നും ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

സ്കൂൾ കുട്ടികൾക്കും വാഹന ഡ്രൈവർമാർക്കും മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, നാറ്റ്പാക്ക് എന്നിവ മുഖേന റോഡ് സുരക്ഷാ ബോധവൽക്കരണം റോഡ് സുരക്ഷാ അതോറിറ്റി നൽകി വരുന്നുണ്ട്. സ്കൂൾ കുട്ടികൾ, വാഹന ഡ്രൈവർമാർ ഉൾപ്പെടെയുള്ളവർക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുവാൻ മോട്ടോർ വാഹന വകുപ്പിന് 15.6 കോടിയും നാറ്റ് പാക്കിന് 57.82 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. സ്റ്റുഡന്റ്സ് കേഡറ്റ് പ്രോജക്ടുകളിലൂടെ സ്കൂൾ കുട്ടികളെയും രക്ഷിതാക്കളെയും വാഹന ഡ്രൈവർമാരെയും ബോധവൽക്കരിക്കുന്നതിനായി 1 കോടി രൂപ പോലീസ് വകിപ്പിന് അനുവദിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സ്കൂൾ വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് അവസാനിപ്പിക്കുന്നതിനും സ്കൂൾ വാഹനങ്ങൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

(ഡി) സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സംബന്ധമായി നിരവധി നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് മുൻപ് തന്നെ നൽകിയിട്ടുണ്ട്. എന്നാൽ സ്കൂൾ അധികാരികളും രക്ഷകർത്താക്കളും ബസ് ഡ്രൈവർമാരും പുലർത്തുന്ന അലംഭാവം പലപ്പോഴും ദാരുണമായ പല അപകടങ്ങളിലേക്ക് വഴിയൊരുക്കുന്നു. ഇതൊഴിവാക്കുന്നതിനായി വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, സ്കൂളിലെ നോഡൽ ഓഫീസർ, പി.റ്റി.എ. പ്രസിഡന്റ്, മറ്റ് ഭാരവാഹികൾ

സ്കൂൾ ബസ്സിലെ ഡ്രൈവർമാർ എന്നിവർക്ക് വീണ്ടും അടിയന്തിരമായി നൽകുന്നതിനും എല്ലാ ആർ.ടി.ഒ. മാർക്കും ജോയിന്റ് ആർ.ടി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് / ഗവൺമെന്റ് വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകൾക്കും നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ മുൻ നിർത്തി സ്കൂൾ ബസ്സുകളുടെ ചെക്കിംഗ് കർശനമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ